പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2327 — 05.12.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ മട്ടാഞ്ചേരി ഗോഡൗണിൽ സൂക്ഷിച്ചിരുന്ന റവ

ചോദ്യം
ശ്രീ.അനൂപ് ജേക്കബ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയദുരിതബാധിത മേഖലയിൽ വിതരണം ചെയ്യുന്നതിനായി, സപ്ലൈകോയുടെ മട്ടാഞ്ചേരി കല്ല് ഗോഡൗണിൽ സൂക്ഷിച്ചിരുന്ന 1000 കിലോ റവ മറിച്ചു വിറ്റു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായി കണ്ടെത്തിയ പനമ്പള്ളി നഗർ ഔട്ട് ലെറ്റിലെ ഓഫീസർ ഇൻ-ചാർജ്ജായ ശ്രീ.അനീഷ് കട്ടപ്പനെ പാലക്കാട് മേഖലയിലേക്കും, കൊച്ചി ഡിപ്പോ മാനേജരായിരുന്ന ശ്രീ.ശശീന്ദ്രബാബുവിനെ ഒറ്റപ്പാലം ഡിപ്പോയിലേക്കും സ്ഥലം മാറ്റുകയും പനമ്പള്ളി നഗർ ഔട്ട് ലെറ്റിലെ ദിവസവേതന ജീവനക്കാരനായ ശ്രീ.അസ്ലമിനെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ശ്രീ.അനീഷ് കട്ടപ്പൻ, ശ്രീ.ശശീന്ദ്രബാബു എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. ഡിപ്പോ ഗോഡൗണുകളിൽ സംഭരിച്ചിരിക്കുന്ന സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനു വേണ്ടി ശരിയായ കണക്ക് സൂക്ഷിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ